പതിനാറ്

# സമഗ്ര വിമോചനത്തിന്റെ സന്ദേശം

ഡോ. കുര്യാസ് കുമ്പളക്കുഴി

**കേ**രള ജനജീവിതത്തെ ആഴത്തിൽ സ്പർശിച്ച പരിവർത്തനങ്ങൾക്കു തുടക്കം കുറിച്ച നവോത്ഥാന നായകനായിരുന്നു വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസച്ചൻ. സമൂഹത്തിന്റെ ആധ്യാത്മികവും ഭൗതികവുമായ സന്തുലിത വികാസമാണദ്ദേഹം സ്വപ്നം കണ്ടത്. ഭക്താനുഷ്ഠാനങ്ങളുടെ പ്രചാരണത്തിലും വ്യക്തികളുടെ പ്രാർത്ഥനാജീവിതത്തിന്റെ തീക്ഷ്ണതയിലും കരുതൽ വച്ചുകൊണ്ടുള്ള കർമപരിപാടികൾ ചിട്ടപ്പെടുത്തുന്നതിൽ കുര്യാക്കോസച്ചൻ ജാഗ്രത പുലർത്തി. അതേസമയം തന്നെ ദലിതരുടെയും മറ്റു പീഡിത വിഭാഗങ്ങളുടെയും സമുദ്ധാരണത്തിലൂടെ സാമൂഹിക സമത്വം കൈവരിക്കുവാനും അദ്ദേഹം പദ്ധതികൾ ആസൂത്രണം ചെയ്തു. അങ്ങനെയാണദ്ദേഹം വിദ്യാഭ്യാസത്തിന്റെ ജനകീയവത്കരണം എന്ന ആശയത്തിലേക്കെത്തിച്ചേർന്നത്.

ബഹുമുഖപ്രതിഭ എന്നു നമ്മൾ പലരെയും വിശേഷിപ്പിക്കാറുണ്ട്. പലപ്പോഴും അതൊരു ഭംഗിവാക്കു മാത്രമാണ്. പക്ഷേ, ആ സംജ്ഞയുടെ അർത്ഥവൈപുല്യം അറിയണമെങ്കിൽ ചാവറയച്ചനെപ്പോലുള്ളവരെ പരിചയപ്പെടണം. കേരള കത്തോലിക്കാ സമൂഹത്തിൽ അച്ചടിവിദ്യയുടെ ആദ്യ പ്രണേതാവ്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രഥമ സംരംഭകൻ, സന്യാസിനീ സമൂഹത്തിന്റെ പ്രഥമ സ്ഥാപകൻ, സന്യസ്ത ജീവിതത്തിന്റെ ആത്മചൈതന്യം, കേരള സുറിയാനി സഭയുടെ ഭരണാധികാരി, വൈദികർക്കും അൽമായർക്കും പ്രത്യേകമുള്ള ധ്യാനപരിപാടികളുടെ ആസൂത്രകൻ, ജപമാല ഭക്തിയുടെ പ്രചാരകൻ, ദിവ്യകാരുണ്യാരാധനയുടെ പ്രാരംഭകൻ, സ്കൂളിലെ ഉച്ചഭക്ഷണം, പിടിയരി പിരിവ്, നൂറ്റിക്കഞ്ചു പിരിവ് തുടങ്ങിയ ധർമപരിപാടികളുടെ ഉപജ്ഞാതാവ് എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ നിസ്തുലമാണ്. ഇവയ്ക്കെല്ലാം മുദ്രവയ്ക്കുന്ന ആ വ്യക്തിജീവിതത്തിന്റെ വിശുദ്ധിയും സമൂഹത്തിലാകെ പ്രകാശം പരത്തിയ ആധ്യാത്മിക ചൈതന്യവും.

1805 ഫെബ്രുവരി 10-ന് കൈനകരി ചാവറ കുടുംബത്തിൽ നിന്നാരംഭിച്ച കുര്യാക്കോസച്ചന്റെ ഭൗമിക ജീവിതയാത്ര 1871 ജനുവരി മൂന്നിനു കൂനമ്മാവ് ആശ്രമത്തിൽ അവസാനിച്ചു. പത്താം വയസ്സിൽ വൈദികപഠനം ആരംഭിച്ച കൊച്ചുകുര്യാക്കോസിന്റെ ജീവിതം അനുക്രമം പ്രകാശം ഏറിയേറി വന്ന ഒരു ദൈവിക മനുഷ്യന്റെ സാന്നിധ്യം കേരള ജനസമൂഹത്തിന് അനുഭവപ്പെടുത്തി. അത് സമ്പൂർണ്ണ വിശുദ്ധിയിലേക്കുള്ള ഒരു മഹാപ്രയാണമായിരുന്നു. അതിന്റെ സ്വാഭാവികമായ ഒരു വികസിതഘട്ടമായിരുന്നു. 1986 ഫെബ്രുവരി എട്ടിലെ *വാഴ്ത്തപ്പെട്ട* പദവി പ്രഖ്യാപനം.

ചാവറയച്ചന്റെ ജീവിതവിശുദ്ധിയുടെ ഓഹരിക്കാരാകാൻ പതിനായിരങ്ങൾ ഭക്തിപൂർവം മാന്നാനത്തും കൂനമ്മാവിലും കൈനകരിയിലുമെല്ലാം തിരക്കിട്ടെത്തുന്നു. പക്ഷേ, അദ്ദേഹം കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി നൽകിയ സംഭാവനകൾ ഇന്നും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ അവശേഷിക്കുകയാണ്. അവകൂടി തിരിച്ചറിഞ്ഞാലേ ചാവറയച്ചനിലെ മനുഷ്യനെക്കൂടി നമുക്കു പരിചയപ്പെടാനാവൂ.

ആത്മാവിലും ശരീരത്തിലുമുള്ള സന്തുലിത വികസനമായിരുന്നു ചാവറയച്ചന്റെ കർമപരിപാടികൾ ചിട്ടപ്പെടുത്തിയ അടിസ്ഥാന ദർശനം. അതിനുള്ള ആദ്യപടിയായിരുന്നു സി.എം.ഐ.സഭാസ്ഥാപനം. ഇക്കാര്യത്തിൽ പ്രഥമ സഹകാരികളായിരുന്ന പാലായ്ക്കൽ തോമ്മാമല്പാൻ 1841-ലും പോരൂക്കര തോമ്മാമല്പാൻ 1846-ലും ദിവംഗതരായ സി.എം.ഐ. സഭാസമൂഹത്തിന്റെ നേതൃത്വം ചാവറയച്ചനിൽ നിക്ഷിപ്തമായി. ഇക്കാലത്താണദ്ദേഹത്തിന്റെ ശ്രദ്ധ ജനകീയവിദ്യാഭ്യാസത്തിലേക്കു തിരിഞ്ഞത്.

അക്കാലത്തു പ്രൊട്ടസ്റ്റന്റു മിഷണറിമാർ കേരളത്തിൽ വിവിധ ഭാഗങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നെങ്കിലും കാത്തോലിക്കാസഭ ആ വഴിക്കുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നില്ല. ഈ സാഹചര്യം സമൂഹപുരോഗതിക്കു തടസമാകുമെന്നു ക്രാന്തദർശിയായ ചാവറയച്ചൻ തിരിച്ചറിഞ്ഞു. അതിന്റെ ഫലമായിരുന്നു 1846-ലെ സംസ്കൃത സ്കൂൾ സ്ഥാപനം. കേരളത്തിലെ കത്തോലിക്കരുൾപ്പെടെയുള്ള ഉപരിവർഗം ഇംഗ്ലീഷിനെ മ്ലേച്ഛഭാഷയായി പടിക്കുപുറത്തു നിർത്തിയിരുന്നതുകൊണ്ടാണു ഭാരതീയ സംസ്കാരത്തിന്റെ ഭാഷാചിഹ്നമായ സംസ്കൃതം പഠിപ്പിക്കുക എന്ന ആശയം അദ്ദേഹം പ്രാവർത്തികമാക്കിയത്.

പതിനെട്ടു വർഷങ്ങൾക്കുശേഷം 1864-ൽ ചാവറയച്ചൻ മാന്നാനത്ത് ആരംഭിച്ച മലയാളം സ്കൂൾ കേരള കത്തോലിക്ക സമൂഹത്തിൽ ആ വഴിക്കുള്ള ആദ്യ സംരംഭമായിരുന്നു. അന്നദ്ദേഹം കേരള സുറിയാനി കത്തോലിക്കാ വിഭാഗത്തിന്റെ മുഴുവൻ ചുമതലയുള്ള വികാരി ജനറാൾകൂടിയായിരുന്നു. ഈ സ്കൂളിന്റെ നടത്തിപ്പിലൂടെയാണു ചാവറയച്ചൻ വിപ്ലവകരമായ ചില

ചുവടുകൾ വച്ചത്. സ്കൂളിലെത്താൻ സാമൂഹികവും സാമ്പത്തികവുമായ പ്രതിബന്ധങ്ങൾകൊണ്ടു മടിച്ചുനിന്ന ദലിതരുൾപ്പെടെയുള്ള പാവപ്പെട്ട കുടുംബത്തിലെ കുട്ടികളെ വീടുകളിൽച്ചെന്നു കൂട്ടിക്കൊണ്ടുവന്നു സ്കൂളിൽ ചേർത്തു. അവർക്കു വസ്ത്രവും ഭക്ഷണവും നൽകി. ശുചിത്വത്തിന്റെ ബാല പാഠങ്ങൾ അഭ്യസിപ്പിച്ചു.

സ്കൂൾകുട്ടികൾക്കു ഭക്ഷണം നൽകുക എന്ന ആശയം ആദ്യം പ്രാവർത്തികമാക്കിയതു ചാവറയച്ചനാണ്. ഒപ്പം വസ്ത്രം നൽകലും. ഇതിനുവേണ്ടി അദ്ദേഹം അടുത്തും അകലെയുമുള്ള നൂറുകണക്കിനു വീടുകൾ കയറിയിറങ്ങി. അരി വയ്ക്കുമ്പോൾ ഒരുപിടി അരി തന്റെ കുട്ടികൾക്കായി മാറ്റി വയ്ക്കണം എന്നു വീട്ടമ്മമാരെ ഉപദേശിച്ചു. തേങ്ങയും മറ്റു ഭക്ഷണസാധനങ്ങളും പഴയവസ്ത്രങ്ങളും ചോദിച്ചുവാങ്ങി. അങ്ങനെ നൂറുകണക്കിനു അധഃസ്ഥിത ബാലികാബാലന്മാർ അക്ഷരജ്ഞാനം നേടി. കേരളത്തിന്റെ സാമൂഹിക വികസന ചരിത്രത്തിലെ വിപ്ലവകരമായ ഈ അധ്യായം ഒരു ചരിത്രകാരനും വേണ്ടതുപോലെ രേഖപ്പെടുത്തിയിട്ടില്ല.

മാന്നാനത്തെ സ്കൂളുകളുടെ സ്ഥാപനപ്രവർത്തനാനുഭവങ്ങളിൽനിന്നു സ്വയം നേടിയ പ്രചോദനമായിരിക്കണം ചാവറയച്ചനെ വിപ്ലവകരമായ മറ്റൊരു ചുവടുവയ്പിലേക്കു നയിച്ചത്; 1865-ൽ അദ്ദേഹം കേരളത്തിലെ എല്ലാ പള്ളികളിലേക്കും അയച്ച സർക്കുലർ. കേരളസഭയിൽ അന്നുണ്ടായിരുന്ന 100പള്ളികളെ നാലു പ്രൊവിൻസുകൾക്കു കീഴിലാക്കി അവയുടെ ഭരണക്രമം അദ്ദേഹം ചിട്ടപ്പെടുത്തിക്കഴിഞ്ഞിരുന്നു. കേന്ദ്രീകൃതമായ ഒരു ഭരണസംവിധാനത്തിൽ പുതിയ കർമപദ്ധതികൾ പ്രായോഗികമാക്കുക എളുപ്പമാണല്ലോ. അതുകൂടി കണക്കിലെടുത്തായിരുന്നു, ആ സർക്കുലർ. പള്ളികൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കാനായിരുന്നു നിർദേശം. അതു പ്രായോഗികമാക്കാത്ത പള്ളികൾക്കു തിരുക്കർമ്മങ്ങൾ നടത്താനുള്ള അനുവാദം നിഷേധിക്കും (അംശ മുടക്ക്) എന്ന മുന്നറിയിപ്പും സർക്കുലറിലുണ്ടായിരുന്നു. കേരള വിദ്യാഭ്യാസ ചരിത്രത്തിലെ വിപ്ലവകരമായ ഒരു മാർഗരേഖയാണിത്. പക്ഷേ, അതും മുഖ്യധാരാ ചരിത്രത്തിൽ വേണ്ടതുപോലെ അടയാളപ്പെടുത്തപ്പെടാതെ പോയി.

വിദ്യാഭ്യാസത്തെപ്പറ്റിയുള്ള ചാവറയച്ചന്റെ ഉൾക്കാഴ്ച യൂറോപ്യൻ രാജ്യങ്ങളിലേതുപോലുള്ള ഒരു കത്തോലിക്കാ സർവകലാശാല മലങ്കരസഭയുടെ നേതൃത്വത്തിൽ കേരളത്തിലും ഉണ്ടാവണം എന്ന ചിന്തയിലേക്കദ്ദേഹത്തെ എത്തിച്ചിരുന്നത്രെ. അതു ശരിയെങ്കിൽ, വൈദികരുടെ ഉന്നത വിദ്യാഭ്യാസമായിരിക്കണം അദ്ദേഹം ലക്ഷ്യംവച്ചതെന്നു കരുതേണ്ടിയിരിക്കുന്നു. സമൂഹത്തെ പുരോഗതിയിലേക്കു നയിക്കാൻ വിദ്യാസമ്പന്നരായ വൈദികർക്കേ കഴിയൂ എന്ന പാശ്ചാത്യ സഭയുടെ ചരിത്രം അദ്ദേഹത്തിനു ബോധ്യം നൽകിയിട്ടുണ്ടാവണം.

ബൈബിൾ കേരളസഭയുടെ ആധ്യാത്മിക ഊർജമായിത്തീർന്നിരുന്നില്ല, ചാവറയച്ചന്റെ കാലത്ത്. അതിനു പകരംവെയ്ക്കാൻ അദ്ദേഹം കണ്ടുപിടിച്ച എളുപ്പവഴിയായിരുന്നു ജപമാല ഭക്തിപ്രചരണം. മരിയഭക്തിയിൽ കേരളസഭ പൊതുവേ ആവേശഭരിതമായിരുന്നെങ്കിലും പതിമൂന്നാം ശതകത്തിൽ വിശുദ്ധ ഡൊമനിക് സംഭാവന ചെയ്ത ഏറ്റവും ശക്തമായ മരിയ ഭക്തി സാധകമായ ജപമാല ഇവിടെ വേണ്ടത്ര പ്രചാരം നേടിയിരുന്നില്ല. അതിന്റെ ശക്തിയും ഫലപ്രദായകത്വവും തിരിച്ചറിഞ്ഞ ചാവറയച്ചൻ അതു പ്രചരിപ്പിക്കാൻ തീവ്രയത്നം ചെയ്തു. *ചരടിൽ തൂക്കിയ ബൈബിൾ* എന്നാണദ്ദേഹം ജപമാലയ്ക്കു നൽകിയ അർത്ഥഗംഭീരമായ പുതിയ നിർവചനം.

കേരള സഭയിൽ ഇന്നു നിലവിലുള്ള പ്രധാന ഭക്താനുഷ്ഠാനങ്ങളായ *ദിവ്യകാരുണ്യാരാധന, നാല്പതുമണി ആരാധന, ഇടവക ധ്യാനം, വൈദിക ധ്യാനം, മാസാദ്യ വെള്ളിയാഴ്ച ഭക്തി* തുടങ്ങിയവ ചാവറയച്ചനാണു വിശ്വാസികൾക്കിടയിൽ പ്രചരിപ്പിച്ചത് എന്നറിയുമ്പോൾ, ആ ഹൃദയം ജനനന്മയ്ക്കുവേണ്ടി എത്ര തീക്ഷ്ണമായി തുടിച്ചിരുന്നു എന്നോർത്തു പലരും അമ്പരന്നുപോയേക്കാം. അതായിരുന്നു ചാവറയച്ചൻ. ഭാവിയുടെ പരിവർത്തന സാധ്യതകൾ ഉൾക്കണ്ണിലും ഉള്ളംകൈയിലും ഒരുപോലെ കണ്ട യുഗപുരുഷൻ.

അറുപത്താറു വർഷം മാത്രം നമുക്കിടയിൽ ജീവിച്ച ചാവറയച്ചൻ ദീർഘായുസായിരുന്നു എന്നു പറയാനാവില്ലല്ലോ. വളരെ മിതമായ ഒരു പ്രവർത്തന കാലമേ അദ്ദേഹത്തിനു അനുവദിക്കപ്പെട്ടുള്ളൂ. *കാലംകുറഞ്ഞ ദിനമെങ്കിലും അർത്ഥദീർഘം* എന്ന വിശേഷണം ഈ ജീവിതത്തിനു പൂർണ്ണമായിണങ്ങും. ഒന്നര നൂറ്റാണ്ടുകൾക്കു മുമ്പ്, ഇന്നത്തേതുപോലുള്ള യാത്രാസൗകര്യങ്ങളോ ഭൗതിക ജീവിത സാഹചര്യമോ ഇല്ലാതിരുന്ന കാലത്ത് അദ്ദേഹം കരയിലും വെള്ളത്തിലും നിരന്തരം യാത്രചെയ്തു; പ്രതികൂല സാഹചര്യങ്ങളെ അസാധാരണ മനോബലം കൊണ്ടു നേരിട്ടു.

ലോകത്തിന്റെ എല്ലാ സുഖവാഗ്ദാനങ്ങളെയും നിരാകരിച്ചു ദാരിദ്ര്യവും ബ്രഹ്മചര്യവും സ്വയം സ്വീകരിച്ചു ലോകസേവയ്ക്കായി തന്നെത്തന്നെ സമർപ്പിക്കുന്ന മഹത്തായ സന്യസ്തജീവിതത്തിന്റെ എക്കാലത്തേയും മികച്ച മാതൃകയാണദ്ദേഹം നമുക്കു സമ്മാനിച്ചത്. താൻ ഉൾക്കൊണ്ടിരുന്ന വിശ്വാസമനുസരിച്ചുള്ള സ്വന്തം ആത്മരക്ഷ മാത്രമല്ല തനിക്കു ചുറ്റുമുള്ള വിശ്വാസ സമൂഹത്തിന്റെ ആത്മരക്ഷയുംകൂടി തന്റെ കരങ്ങൾ കൊണ്ടു നേടിയെടുക്കേണ്ടതാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. സേവനവൃത്തികളുടെ ക്ലേശഭൂയിഷ്ഠതയെ സ്വയം വരിക്കാനുള്ള സന്നദ്ധത അദ്ദേഹത്തിനു സ്വതഃസിദ്ധവുമായിരുന്നു. സന്യാസ സമൂഹങ്ങളുടെ

സ്ഥാപനവും ആശ്രമങ്ങളുടെ നിർമാണവും ഏറെ ത്യാഗം സഹിച്ചു പൂർത്തിയാക്കാൻ അദ്ദേഹത്തിനു പ്രേരണയായത് ഈ പശ്ചാത്തലമാണ്.

കേരളത്തിന്റെ അച്ചടി പ്രസാധന മേഖലയ്ക്ക് ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സംഭാവനകൾ നിസ്തുലമാണ്. 1844-ൽ മാന്നാനത്ത് സ്ഥാപിതമായ, വിശുദ്ധ യൗസേഫ്പിതാവിന്റെ നാമധേയത്തിലുള്ള അച്ചടിശാല (ഇന്ന് സെന്റ്. ജോസഫ്സ് പ്രസ്) കേരളത്തിലെ മൂന്നാമത്തെ പ്രസാധനസംരംഭമായിരുന്നു; ആദ്യത്തേത് 1821-ൽ ബ്രിട്ടീഷ് മിഷണറി ബഞ്ചമിൻ ബെയ്‌ലി തുടക്കം കുറിച്ച സി.എം.എസ്. പ്രസ്സും രണ്ടാമത്തേത് 1836-ൽ സ്വാതിതിരുനാൾ മഹാരാജാവ് തിരുവനന്തപുരത്ത് സ്ഥാപിച്ച സർക്കാർ മുദ്രണാലയവും. ക്രൈസ്തവ സമൂഹത്തിന്റെ ആധ്യാത്മിക വികാസത്തിലെന്നതുപോലെ ഭൗതികവികാസത്തിലും കരുതലും ഉത്കണ്ഠയുമുള്ള ബഹുമുഖ പ്രതിഭയായിരുന്നു ചാവറയച്ചൻ. ഈ രണ്ടു തലങ്ങളുടെയും സന്തുലിതവും സമഗ്രവുമായ വികസനം മനുഷ്യന്റെ പുരോഗമനോന്മുഖമായ പ്രയാണത്തിന് അനിവാര്യമാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പള്ളിയോടൊപ്പം പള്ളിക്കൂടങ്ങളും ഒപ്പം മുദ്രണാലയങ്ങളും മറ്റു സാമൂഹിക സംരംഭങ്ങളും സ്ഥാപിക്കുന്നതിന് ചാവറയച്ചൻ മുൻകൈയെടുത്തതിന്റെ പിന്നിലെ പ്രചോദനഘടകം ഈ വസ്തുതയാണ്.

അച്ചടിയുടെ ലോകചരിത്രം പരിശോധിക്കുമ്പോൾ നമ്മൾ തിരിച്ചറിയുന്ന ഒരു വസ്തുതയുണ്ട്. ബൈബിളിന്റെയും ക്രിസ്തുമതാശയ പ്രചാരണത്തിന്റെയും ഉപാധികളിലൊന്ന് എന്ന നിലയിലാണ് അച്ചടിവിദ്യ രൂപം കൊള്ളുകയും വികസിക്കുകയും ചെയ്തിട്ടുള്ളത്. ആധുനിക മുദ്രണവിദ്യയുടെ ഉപജ്ഞാതാവായ ഗുട്ടൻബർഗ് ആദ്യം അച്ചടിച്ചതു ബൈബിളാണ്. 42 വരികൾ വീതമുള്ള 1282 പേജുകളിലാണ് ഈ അച്ചടിവിസ്മയം പിറന്നുവീണത്. 170 പശുക്കുട്ടികളുടെ തോല് ഇതിനുവേണ്ടി ഉപയോഗിച്ചത്രേ.

പല ലോകഭാഷകളിലും ആദ്യം അച്ചടിക്കപ്പെട്ടത് ബൈബിളാണ്. ഇന്ത്യൻ ഭാഷകളും ഇതിനപവാദമല്ല. കേരളത്തിൽ ചർച്ച് മിഷൻ സൊസൈറ്റിക്കാർ സി.എം.എസ്. പ്രസ് ആരംഭിച്ചതും മലയാളത്തിൽ ബൈബിൾ പരിഭാഷപ്പെടുത്തി അച്ചടിച്ചു പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ഒപ്പം ക്രിസ്തുമത പ്രചാരണത്തിനു സഹായകമായ ചെറുഗ്രന്ഥങ്ങളും ലഘുലേഖകളും തയ്യാറാക്കി വിതരണം ചെയ്യുക, പ്രാർഥനാപുസ്തകങ്ങൾ അച്ചടിക്കുക, മിഷൻ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ അച്ചടിച്ചു നൽകുക എന്നീ ഉദ്ദേശ്യങ്ങളുമുണ്ടായിരുന്നു.

ചാവറയച്ചന്റെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല. പക്ഷേ, അതത്ര എളുപ്പമായിരുന്നില്ല. അദ്ദേഹം പ്രസിനെപ്പറ്റി കേട്ടിട്ടേയുള്ളൂ. സി.എം.എസ്. പ്രസ്സ് ചെന്നു കാണാനും അതിന്റെ പ്രവർത്തനം നേരിട്ടു മനസ്സിലാക്കാനും

അദ്ദേഹം ശ്രമിച്ചെങ്കിലും നടന്നില്ല. സമീപസ്ഥലത്തുതന്നെ മറ്റൊരു പ്രസ്സ് വരുന്നത് തങ്ങൾക്കു ദോഷകരമായേക്കാം എന്ന പ്രസ്സുടമകളുടെ ആശങ്ക കൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചത്. ചാവറയച്ചൻ നേരേ തിരുവനന്ത പുരത്തേയ്ക്കു പോയി. അവിടെ അധികാരികൾ അദ്ദേഹത്തിനെതിരെ മുഖം തിരിച്ചില്ല. എന്നല്ല, അച്ചന്റെതന്നെ സമുദായക്കാരായ ചില ജോലിക്കാരെ സഹായത്തിന് അനുവദിച്ചുകൊടുക്കുകയും ചെയ്തു. എല്ലാം കണ്ടു മന സ്സിലാക്കി മാന്നാനത്ത് മടങ്ങിയെത്തിയ അച്ചൻ പ്രസ്സിന്റെ ഒരു മാതൃക ആദ്യം വാഴപ്പിണ്ടിയിൽ കൊത്തിയെടുത്തു. പിന്നെ തടിയിൽ അതിന്റെ ശരി യായ രൂപം പണിതീർപ്പിച്ചു. അതു കരിങ്കല്ലുകൊണ്ടുള്ള തറയിൽ ഉറപ്പി ക്കുകയും ചെയ്തു.

ശില്പങ്ങൾ നിർമിക്കുന്നതിനും കൊത്തുപണികൾ ചെയ്യുന്നതിനും സാമാന്യത്തിലധികമായ സിദ്ധി ചാവറയച്ചനുണ്ടായിരുന്നത് ഇക്കാര്യത്തിൽ ഏറെ സഹായകമായി. ഇനി അക്ഷരങ്ങൾ വാർത്തെടുക്കണം. അതിനു വൈദഗ്ധ്യമുള്ള ആളെ കണ്ടെത്തണം. അച്ചടിജോലിയിൽ പരിചയമുള്ളവ രെയും കിട്ടണം. രണ്ടേരണ്ടു പ്രസ്സ് മാത്രമുള്ള കേരളത്തിൽ ഇക്കാര്യത്തിൽ പരിചയവും കഴിവുമുള്ളവർ ഏറെയുണ്ടാവില്ല എന്നു വ്യക്തമാണല്ലോ. എങ്കിലും അച്ചൻ ഭഗ്നാശനായില്ല.

ഇത്രയുമായപ്പോഴേക്കും സഹപ്രവർത്തകർക്കുപോലും ആശങ്കയായി. പലരും അദ്ദേഹത്തെ പിന്മടക്കാൻ ശ്രമിച്ചു. പ്രിയോരച്ചന് ബുദ്ധിഭ്രമം പിടി പെട്ടിരിക്കുകയാണോയെന്നുപോലും ചിലർ ശങ്കിച്ചത്രെ. പക്ഷേ, അങ്ങനെ യൊന്നും പിന്മാറാൻ അദ്ദേഹം തയാറായിരുന്നില്ല.

കോട്ടയം സി.എം.എസ്. പ്രസ്സിലേക്കും തിരുവനന്തപുരം സർക്കാർ പ്രസി ലേക്കും അച്ചുകൾ വാർത്തുകൊടുത്തിരുന്ന തമിഴ്നാട്ടുകാരനായ ശിവ രാമൻ എന്നൊരു തട്ടാൻ അക്കാലത്ത് തിരുവല്ലയിൽ താമസിക്കുന്നുണ്ടാ യിരുന്നു. ചാവറയച്ചൻ അദ്ദേഹത്തിന്റെ സഹായം തേടി. ശിവരാമൻ സമ്മ തിച്ചു. മാന്നാനത്ത് വന്നു താമസിച്ചുകൊണ്ട് അച്ചുനിർമാണം ആരംഭിക്കു കയും ചെയ്തു.

ഈ വിവരം അറിഞ്ഞ ചില ആളുകൾ ശിവരാമനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അയാൾ വഴങ്ങിയില്ല. അപ്പോൾ ഭീഷണിയായി. ചിലർ അദ്ദേഹത്തെ ബലമായി പിടിച്ചുകൊണ്ടുപോകാനും ശ്രമിച്ചു. ഇത്രയുമായ പ്പോഴേക്കും ചാവറയച്ചൻ ശിവരാമനെ സുഹൃത്തായ കോയിൽ കുരുവിള യുടെ പുളിങ്കുന്നത്തുള്ള തറവാട്ടിൽ കൊണ്ടുപോയി രഹസ്യമായി താമസി പ്പിച്ചു.

അക്കാലത്ത് ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾക്ക് അച്ചടിശാലകൾ ആരംഭിക്കാനും അച്ചടിജോലികൾ നടത്താനുമുള്ള

അനുവാദം നൽകിയിരുന്നു. എങ്കിലും അതതു സംസ്ഥാനങ്ങളിൽ അവിടുത്തെ അധികാരികളുടെ അനുവാദത്തോടുകൂടിയേ മുദ്രണാലയങ്ങൾ സ്ഥാപിക്കാൻ കഴിയുമായിരുന്നുള്ളു. ചാവറയച്ചൻ തിരുവിതാംകൂർ ഗവൺമെന്റിനെ സമീപിച്ചു. എന്നാൽ അവിടെയുമുണ്ടായി പ്രശ്നങ്ങൾ. ശത്രുക്കൾ മാന്നാനം പ്രസ്സിന് സർക്കാർ അനുമതി കൊടുക്കാതിരിക്കാൻ ആവതു ശ്രമിച്ചു. ചാവറയച്ചൻ വരാപ്പുഴ മെത്രാൻ ലുഡ്‌വിക്കോസിന്റെ അടുത്തുചെന്ന് സഹായം അഭ്യർഥിച്ചു. മെത്രാൻ തന്റെ സുഹൃത്തായിരുന്ന, ബ്രിട്ടീഷ് റസിഡന്റ് കല്ലൻ സായ്പിനോട് വിവരം പറഞ്ഞു. അദ്ദേഹത്തിന്റെ ഇടപെടലിനെത്തുടർന്ന് സർക്കാർ അനുവാദം ലഭിക്കുകയും ചെയ്തു. 1846 ജൂലൈ മാസത്തിൽ മാന്നാനം പ്രസ്സിന് സർക്കാർ അനുമതി കിട്ടുമ്പോൾ അച്ചടി കേരളീയർക്ക് ഏതാണ്ട് സുപരിചിതമായിക്കഴിഞ്ഞിരുന്നു. എങ്കിലും അതിന് ചില പരിമിതികളും ഉണ്ടായിരുന്നു. സി.എം.എസ്. പ്രസ്സിൽ പ്രൊട്ടസ്റ്റന്റ് സഭാ സംബന്ധവും സർക്കാരിനോടു ബന്ധപ്പെട്ടതുമായ അച്ചടിജോലികളേ നടത്തിയിരുന്നുള്ളൂ. തിരുവനന്തപുരത്തെ പ്രസ്സിൽ സർക്കാർ വക അച്ചടികളും. പ്രബലമായ കത്തോലിക്കാ സമൂഹത്തിന്റെ ഇടയിലേക്ക് ഇവയൊന്നുംതന്നെ കടന്നുചെന്നിരുന്നില്ല. ഈ കുറവ് പരിഹരിക്കുകയായിരുന്നു ചാവറയച്ചന്റെ ലക്ഷ്യം.

ഇതു പറയുമ്പോൾ, അച്ചടിവിദ്യ കത്തോലിക്കാ സമൂഹത്തിനു പരിചിതമായിരുന്നില്ലെങ്കിലും അച്ചടിച്ച പുസ്തകങ്ങൾ അവർക്ക് അപരിചിതമായിരുന്നുവെന്ന് ധരിക്കരുത്. ഇന്ന് കേരളചരിത്രത്തിലെതന്നെ സുപ്രധാന സംഭവങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്ന, അച്ചടിച്ച ആദ്യ മലയാള ഗ്രന്ഥം, *സംക്ഷേപവേദാർഥം,* അന്നേക്ക് 74 വർഷം മുമ്പ് 1772-ൽ തന്നെ കേരള കത്തോലിക്കർക്ക് മതപഠനഗ്രന്ഥമായി ലഭിച്ചിരുന്നു. ആലങ്ങാട് സെമിനാരിയിൽ അധ്യാപകനായിരുന്ന ക്ലമന്റ് പിയാനിയൂസ് എന്ന ഇറ്റാലിയൻ മിഷണറി സഹപ്രവർത്തകനായ കരിയാറ്റി യൗസേപ്പ് മല്പാന്റെ സഹായത്തോടെ തയാറാക്കിയ *സംക്ഷേപവേദാർഥം,* പിയാനിയൂസ് റോമിൽ കൊണ്ടുചെന്ന് പ്രോപ്പഗാന്ത തിരുസംഘത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ബഹുഭാഷാ മുദ്രണാലയത്തിൽ അച്ചടിച്ച് കേരളത്തിലെത്തിക്കുകയാണുണ്ടായത്. അത്യന്തം വിപ്ലവകരവും സാഹസികവുമായ ഈ ഉദ്യമത്തിന്റെ പേരിൽ മലയാളവും മലയാളികളും പിയാനിയൂസിനോട് എന്നേക്കും കടപ്പെട്ടവരായിത്തീർന്നു. എങ്കിലും സ്വന്തം ഭാഷയിൽ സ്വന്തം നാട്ടിൽത്തന്നെ ഒരു പുസ്തകം അച്ചടിച്ചു കൈയിൽക്കിട്ടാൻ കേരള കത്തോലിക്കാസമൂഹം 1846 വരെ കാത്തിരിക്കേണ്ടിവന്നു. ചരിത്രപരമായ ആ ദൗത്യം നിർവഹിക്കാൻ നിയോഗമുണ്ടായത് ചാവറയച്ചനും. ഇതു വളരെ എളുപ്പത്തിലങ്ങു നടന്നുവെന്ന് ഇന്നത്തെ സാഹചര്യം മുൻനിർത്തി ആരെങ്കിലും ധരിച്ചുപോയാൽ, അവർക്കു തെറ്റി. ഈ മഹാസംരംഭം

അദ്ദേഹം എങ്ങനെ യാഥാർഥ്യമാക്കി എന്നുകൂടി അറിഞ്ഞാലേ ചരിത്രം പൂർണമാകൂ.

അച്ചടിയന്ത്രം നിർമിച്ചു; അച്ചുകൾ വാർത്തെടുത്തു; അച്ചടിക്കുള്ള സർക്കാർ അനുമതിയും വാങ്ങി. ഇനിയുമുണ്ട് കടമ്പകൾ. അച്ചടിക്കാൻ ആളുവേണം; അതിനു കടലാസ് വേണം; മഷി വേണം. പക്ഷേ ചാവറയച്ചന്റെ അദമ്യമായ ഇച്ഛാശക്തി ഇതിനൊക്കെ പരിഹാരം കാണുകതന്നെ ചെയ്തു.

തിരുവനന്തപുരം പ്രസ്സിൽ പ്രിന്ററായിരുന്ന കുര്യൻ എന്നൊരാൾ ഇക്കാര്യത്തിൽ ചാവറയച്ചനെ സഹായിക്കാൻ തയാറായി. അദ്ദേഹം സർക്കാർ പ്രസ് വിട്ട് മാന്നാനത്തേക്കു വന്ന് അച്ചടിയുടെ ഉത്തരവാദിത്വം ഏറ്റെടുത്തു. കൊച്ചിയിൽ കമീശ എന്ന വ്യാപാരി അന്ന് വിദേശത്തുനിന്ന് കടലാസും അച്ചടിമഷിയും മറ്റും ഇറക്കുമതി ചെയ്തു വ്യാപാരം നടത്തിയിരുന്നു. ചാവറയച്ചൻ സുഹൃത്തുക്കളായ ആലപ്പുഴ ഇലഞ്ഞിക്കൽ ചെറിയാൻകുഞ്ഞ്, വൈക്കം സ്വദേശി കൊച്ചുപൗലോസ് എന്നിവർ വഴി കമീശയുമായി ബന്ധപ്പെട്ടു. മഷിയും കടലാസും കൊച്ചിയിൽനിന്നെത്തി. പിന്നെയും പ്രശ്നം. നാനൂറു രൂപയിലധികം വില വരും; അന്നത്തെ 400 രൂപയ്ക്ക് ഇന്നത്തെ ലക്ഷങ്ങളുടെയോ കോടിയുടേയോ മൂല്യം. അവിടെയും ദൈവപരിപാലന ചാവറയച്ചനു കൂട്ടിനുണ്ടായിരുന്നു. സുഹൃത്തുക്കളിലൊരാളായ ചേന്നക്കാട്ട് തോമ്മാച്ചൻ യൗസേഫ്പിതാവിന്റെ നാമത്തിൽ ഒരു ചിട്ടിയുണ്ടാക്കി നൂറിലധികം രൂപ കണ്ടെത്തി. പിന്നെ നൂറു രൂപയ്ക്ക് സ്വന്തം പേരിൽ ജാമ്യം നൽകി. വ്യാപാരിയോടുള്ള അദ്ദേഹത്തിന്റെ അടുപ്പം പ്രയോജനപ്പെടുത്തി ആകെ ചരക്കിന്റെ പകുതി വാങ്ങി. അങ്ങനെ മഹത്തായ ഈ ചരിത്രസംഭവത്തിന്റെ ഒരധ്യായംകൂടി പൂർത്തിയായി.

അച്ചടി ആരംഭിച്ചു. ഇനി അച്ചടികടലാസുകൾ ബൈൻഡ് ചെയ്യാൻ ഒരാൾ വേണം; അതറിയുന്നവരും നാമമാത്രം. അപ്പോൾ ആരോ പറഞ്ഞ് ചാവറയച്ചൻ അറിഞ്ഞു, കൊച്ചിക്കാരനായ ഒരു യഹൂദൻ ബോംബെയിൽനിന്ന് ബൈൻഡിംഗ് വിദ്യ പഠിച്ച് മടങ്ങിയെത്തിയിട്ടുണ്ടെന്ന്. അച്ചൻ അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടു. അവിടെയും ദൈവാനുഗ്രഹം കൂട്ടിനുണ്ടായിരുന്നു. അയാൾ മാന്നാനം പ്രസിലെ ജോലി സ്വീകരിച്ച് അച്ചനോടൊപ്പം പോന്നു. ചാവറയച്ചൻ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സഹവൈദികർക്കും എഴുതിയ ചില ഉപദേശപത്രങ്ങളാണ് പ്രസിൽ ആദ്യം അച്ചടിച്ചത്. പുസ്തകരൂപത്തിൽ പുറത്തുവന്നത് *ജ്ഞാനപീയൂഷം* എന്ന പ്രാർഥനാഗ്രന്ഥവും. ഈ പരമ്പരയിൽ പിൽക്കാലത്ത് ചാവറയച്ചന്റെ പ്രസിൽനിന്നു കേരളസമൂഹത്തിലേക്ക് ഒഴുകിയെത്തിയ ആരാധനാ ഗ്രന്ഥങ്ങൾക്കും പ്രാർഥനാ പുസ്തകങ്ങൾക്കും കൈയ്യും കണക്കും ഇല്ല. അതു ചരിത്രത്തിന്റെ മറ്റൊരു ഭാഗം.

ഇത്രയുംകൊണ്ടൊക്കെ ചാവറയച്ചൻ സംതൃപ്തനായി എന്നു വിചാരിക്കരുത്. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾക്ക് അതിരുകളുണ്ടായിരുന്നില്ല. മാന്നാനത്ത് താൻ സ്ഥാപിച്ച പാഠശാല വികസിച്ചു ഹൈസ്കൂളും കോളേജും സർവകലാശാലയുമായി പരിണമിച്ച് അസ്തമയമില്ലാത്ത വിജ്ഞാനസൂര്യൻ കേരളസമൂഹത്തെയാകെ അന്ധകാരവിമുക്തമാക്കുന്ന മഹാദൃശ്യം സ്വപ്നത്തിൽ കണ്ട യുഗപ്രഭാവനാണദ്ദേഹം. തന്റെ കൊച്ചു പ്രസ് ചെറുഗ്രന്ഥങ്ങളുടെ പരിമിതികൾ കടന്ന് വൈജ്ഞാനിക പ്രസാധനങ്ങളുടെയും വർത്തമാനപത്രങ്ങളുടെയും ഉദ്ഭവകേന്ദ്രമായി വികസിക്കുന്ന ചരിത്രദൃശ്യവും അദ്ദേഹത്തെ ആവേശം കൊള്ളിച്ചിരിക്കണം. പക്ഷേ, സാഹചര്യങ്ങൾ ഈ സ്വപ്നസാക്ഷാത്കാരത്തിന് അനുകൂലമായിരുന്നില്ല.

ഇങ്ങനെ ചിന്തിക്കാൻ ചാവറയച്ചനെ പ്രേരിപ്പിച്ചത് പാശ്ചാത്യരാജ്യങ്ങളിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച കേട്ടറിവുകൾ മാത്രമായിരുന്നില്ല. കേരളത്തിൽത്തന്നെ പ്രൊട്ടസ്റ്റന്റ് മിഷണറിമാർ തുടക്കംകുറിച്ച ചില പത്രപ്രസാധന സംരംഭങ്ങൾകൂടിയായിരുന്നു. തലശേരിയിലെ ഇല്ലിക്കുന്നിൽ ഹെർമൻ ഗുണ്ടർട്ട് സ്ഥാപിച്ച പ്രസിൽനിന്ന് 1847 ജൂണിൽ *രാജ്യസമാചാരം* എന്ന മിഷണറി മാസിക പ്രസിദ്ധീകരണം ആരംഭിച്ചു. ആ വർഷം ഒക്ടോബറിൽ *പശ്ചിമോദയം* എന്ന സെക്കുലർ വാർത്താപത്രികയും ഗുണ്ടർട്ട് പ്രസിദ്ധീകരിച്ചുതുടങ്ങി. തൊട്ടടുത്തവർഷം നവംബറിൽ കോട്ടയം സി.എം.എസ് പ്രസിൽനിന്ന് ബഞ്ചമിൻ ബയ്ലിയുടെ നേതൃത്വത്തിൽ *ജ്ഞാനനിക്ഷേപം* മാസികയും വെളിച്ചം കണ്ടു. ഈ സാഹചര്യത്തിൽ ഒരു വാർത്താപത്രിക ചാവറയച്ചന്റെ മനസിലും രൂപംകൊണ്ടത് സ്വാഭാവികം.

ഇതു പക്ഷേ, അദ്ദേഹത്തിന്റെ ജീവിതകാലത്ത് യാഥാർത്ഥ്യമായില്ല. അദ്ദേഹം വേർപിരിഞ്ഞ് പിന്നെയും അഞ്ചുവർഷംകൂടി കഴിഞ്ഞപ്പോൾ കൂനമ്മാവ് *അമലോത്ഭവമാതാ* പ്രസ്സിൽനിന്നാണതു സഫലമായത്. 1876 ഒക്ടോബറിൽ *സത്യനാദകാഹളം* പ്രസിദ്ധീകരണം ആരംഭിച്ചപ്പോൾ ഈ പ്രസ്സിന്റെ സ്ഥാപനവും 1869-ൽ ചാവറയച്ചന്റെ നേതൃത്വത്തിലായിരുന്നു. മാന്നാനം പ്രസ്സിൽനിന്നും അദ്ദേഹം നേടിയ അനുഭവജ്ഞാനം അമലോത്ഭവമാതാ പ്രസ്സിന്റെ കാര്യം കൂടുകൽ എളുപ്പമുള്ളതാക്കി. മാന്നാനത്തിന്റെ ശാഖ അച്ചുകൂടം എന്ന നിലയിലാണത്. ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നതും.

*സത്യനാദകാഹളം* ചാവറയച്ചന്റെ കാലാതിശയിയായ സ്വപ്നങ്ങളുടെ ഭാഗിക സാക്ഷാത്കാരം മാത്രമേ ആയിരുന്നുള്ളു. അതു പൂർണമായത് 1887-ൽ *നസ്രാണിദീപിക* പ്രസിദ്ധീകരണം ആരംഭിച്ചപ്പോഴാണെന്നു പറയാം. ഒരു മുദ്രണാലയം സ്ഥാപിക്കുന്നതിനു ആ പുണ്യപുരുഷൻ സധീരം ചുമലിലേറ്റിയ യാതനാനിർഭരവും ചരിത്രപരവുമായ പ്രയത്നങ്ങളുടെ സാഫല്യമായിരുന്നു അത്. സ്വർഗത്തിലിരുന്നുകൊണ്ട് അദ്ദേഹം തന്റെ കർമഫലങ്ങൾ

ആയിരവും പതിനായിരവുമായി പെരുകുന്ന ദൃശ്യം കണ്ട് ചാരിതാർഥ്യം കൊള്ളുന്നുണ്ടാകുമെന്നു തീർച്ച.

മഹാത്മാക്കളുടെ കർമങ്ങൾ വർത്തമാനഘട്ടത്തിൽനിന്നു ഭാവിയിലേക്കു സംക്രമിക്കുകയും പിൽക്കാല തലമുറകൾക്ക് അക്ഷയനിധികളായി ചരിത്രത്തിൽ കുടിയിരിക്കുകയും ചെയ്യും. ഈ യാഥാർഥ്യം ചാവറയച്ചന്റെയെന്നതുപോലെ കേരളത്തിലെ ഒരു ചരിത്രപുരുഷന്റെയും പ്രവർത്തനങ്ങളെ അനുഗ്രഹിച്ചിട്ടില്ല എന്നു പറയാം. അതു ബഹുമുഖ സിദ്ധാന്തവും ബഹുതലസ്പർശിയുമാണ്. കേരളക്രൈസ്തവ സമൂഹത്തിന്റെ ആധ്യാത്മികജീവിത നവീകരണത്തിനും നവോത്ഥാനത്തിനും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നൽകിയ ഉണർവും ഉന്മേഷവും എത്രയോ മഹത്തരമാണ്. അതിനുള്ള ഊർജവിലയങ്ങളായി അദ്ദേഹത്തിന്റെ സാംസ്കാരിക സംഭാവനകൾ പരിണമിച്ചു എന്നതാണു വിപ്ലവകരമായ മറ്റൊരു വസ്തുത. മുൻപേ സൂചിപ്പിച്ചതുപോലെ. ഭക്തിസംവർദ്ധകമായ പ്രാർഥനകൾ, ധ്യാനങ്ങൾ, ആരാധനകൾ, തിരുനാളുകൾ, ജപമാല പ്രചാരണം എന്നിവയിലും പള്ളിക്കൂടങ്ങൾ, വിദ്യാഭ്യാസപ്രചാരണം, സ്കൂൾ കുട്ടികൾക്ക് സ്കൂളിൽ ഭക്ഷണവും വസ്ത്രവും നൽകൽ, മാലിന്യ നിർമാർജനം, ആരോഗ്യസംരക്ഷണം, ശുചിത്വബോധം, ജനങ്ങളുടെ സഹകരണത്തോടെ സാമൂഹിക സ്ഥാപനങ്ങളുടെ നിർമാണം തുടങ്ങിയവയിലും ചാവറയച്ചൻ കേരളചരിത്രത്തിലെ ആദ്യസംരംഭകൻതന്നെ. അവയുടെയെല്ലാം സഞ്ചിതഫലം സമുദായങ്ങളുടെയും പ്രദേശങ്ങളുടെയും പരിമിതികളും പരിധികളും മറികടന്നു ജനജീവിതത്തിലേക്കാകെ പടർന്നൊഴുകി. അങ്ങനെയാണദ്ദേഹം കേരളത്തിന്റെ നവോത്ഥാനനായകരിൽ പ്രമുഖനും കേരളവികസനത്തിന്റെ ഉപജ്ഞാതാക്കളിൽ മുമ്പനുമായി ചരിത്രത്തിൽ നിറഞ്ഞുനിൽക്കുന്നത്.

ഇന്നു ചാവറയച്ചൻ നമ്മെ മുഴുവൻ അനുഗ്രഹിച്ചു നിൽക്കുന്ന ദൈവിക ചൈതന്യമാണ്. അദ്ദേഹത്തിന്റെ ഭൗതികനേട്ടങ്ങളൊക്കെ നമുക്കു ചരിത്ര പാഠങ്ങളായി മാറിയിരിക്കുന്നു. അവയിൽനിന്നു നേടുന്ന കർമ്മോർജ്ജം കേരളസഭയുടെ അനുദിന കർമങ്ങളെ ശക്തിപ്പെടുത്തുകയും അതേ സമയം, ആ പുണ്യചരിതൻ നടന്നുതീർത്ത പവിത്രജീവിതത്തിന്റെ പാദമുദ്രകൾ നമ്മുടെ ആധ്യാത്മിക ജീവിതത്തിന്റെ യാത്രാമുദ്രകളായി നമ്മൾ തിരിച്ചറിയേണ്ടിയുമിരിക്കുന്നു. കേരളസഭ ഇന്നു നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾക്ക്, ആധ്യാത്മികവും വിശ്വാസപരവും സാമൂഹികവും സംഘടനാപരവുമായ വെല്ലുവിളികൾക്ക്, ചാവറയച്ചന്റെ ജീവിതം ഫലപ്രദമായ ഉത്തരമാണ്. അതു കണ്ടറിയാനും ആത്മാവിൽ പകർത്താനും, എല്ലാ വിഭാഗീയ മനോഭാവങ്ങൾക്കും അതീതമായി, കേരള സഭാസമൂഹം തയാറാകേണ്ടി

യിരിക്കുന്നു. എങ്കിൽ മാത്രമേ ആ ധന്യജീവിതം നമുക്കായി പകർന്നുവച്ച സമഗ്ര വിമോചനത്തിന്റെ സന്ദേശം നമുക്ക് ഉൾക്കൊള്ളാനാവൂ; അതിന്റെ ഫലസമൃദ്ധിയിൽ നമുക്കു നിറയാനാവൂ.

ഇന്നും ചാവറയച്ചൻ നമുക്കൊരു സജീവ പ്രതീകമാണ്, അനുഗ്രഹദായകമായ ചൈതന്യമാണ്. ആ ശിരസ്സ് മേഘങ്ങളെ സ്പർശിച്ചു നിൽക്കുന്നു. പാദങ്ങൾ നമുക്കിടയിൽ മണ്ണിൽതൊട്ടു നിൽക്കുന്നു; ആ കൂപ്പിയ കൈകളിൽ കുമിഞ്ഞുകൂടുന്ന അനുഗ്രഹങ്ങൾ എല്ലാവർക്കും നിർലോഭം സമ്മാനിക്കുകയും ചെയ്യുന്നു!

■